**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2539** **23-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കുന്നത്തറ സി.വി.സി.എസ്. 268 എന്ന സംഘത്തിന്റെ വർക്ക് ഷെഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കുന്നത്തറ സി.വി.സി.എസ്. 268 എന്ന സംഘത്തിന്റെ വർക്ക് ഷെഡ് പ്രവൃത്തിക്ക് സർക്കാർ ഫണ്ട് അനുവദിച്ചിരുന്നോയെന്നും എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (എ) | **(എ)** കുന്നത്തറ സി.വി.സി.എസ്. 268 നമ്പർ സംഘത്തിലെ വർക്ക് ഷെഡ് നിർമ്മാണത്തിന് 12.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 18.07.2025-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും, DSoR 2021 പ്രകാരമുള്ള പുതിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി നൽകുന്നതിന് തീരുമാനമാകുകയും ചെയ്തിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ കയർ വികസന ഡയറക്ടർ സമർപ്പിച്ച 13.22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ